15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4282 — 09-08-2021 - ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാർടൈം സ്വീപ്പർ പോലുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനത്തിനായി കാർഡുകൾ അയയ്ക്കുന്ന ഘട്ടത്തിൽ പാലിക്കുന്ന സംവരണ നിയമങ്ങൾ ഏത് രീതിയിൽ എന്ന് വിശദമാക്കാമോ; | (എ) | ജി.ഒ (പി) 413/70/PD dated 21/12/1970, 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവ പ്രകാരം വിവിധ ഓഫീസുകളിൽ നിന്ന് അറിയിക്കുന്ന പാർട്ട് ടൈം സ്വീപ്പർ ഒഴിവുകൾ പൂൾ ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ചുപോരുന്ന സംവരണ ക്രമം (Communal rotation roster) പ്രകാരവും, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും സാമുദായിക സംവരണ തത്വങ്ങൾ കർശനമായി പാലിച്ച്, തുടർനടപടി സ്വീകരിച്ച യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്കു നൽകുന്നു. ഉദ്യോഗദായകർക്കു നൽകുന്ന ലിസ്റ്റിന്റെ നിയമനഫലം ലഭ്യമാകുമ്പോൾ ആയത് പരിശോധിച്ച് ബന്ധപ്പെട്ട സമുദായങ്ങൾക്ക് ടി സംവരണം ലഭിക്കുന്നുണ്ടോയെന്നത് ഉറപ്പുവരുത്തുകയും, ഏതെങ്കിലും ഒരു സമുദായത്തിന് റിസർവ്വ് ചെയ്ത വേക്കൻസിക്ക് ഉദ്യോഗാർത്ഥികളെ ലഭ്യമല്ലെങ്കിൽ ടി വേക്കൻസി മറ്റ് സമുദായങ്ങൾക്ക് ഡി റിസർവ്വ് ചെയ്യുകയും തുടർന്ന് ഇപ്രകാരം ഡി റിസർവ് ചെയ്യുന്ന സമുദായത്തിന്റെ ടേൺ ഭാവിയിൽ ഉണ്ടാകുമ്പോൾ നഷ്ടപ്പെട്ട സമുദായത്തിന് നൽകി കുറവ് പരിഹരിക്കുകയും ചെയ്യുന്നു. ഇപ്രകാരം എല്ലാ സമുദായങ്ങൾക്കും അർഹതപ്പെട്ട തൊഴിൽ അവസരം ഉറപ്പുവരുത്തുന്നു. |
| (ബി) | ഒരൊഴിവിന് എത്രപേർക്ക് ഇന്റർവ്യൂ കാർഡുകൾ അയയ്ക്കാറുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരൊഴിവിന് ഒൻപതു പേർ എന്ന അനുപാതത്തിൽ നാമനിർദ്ദേശപട്ടിക തയ്യാറാക്കി എംപ്ലോയ്മെന്റ് വകുപ്പ് ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽ നിന്നും ഉദ്യോഗദായകരാണ് നിയമന നടപടികൾ പൂർത്തിയാക്കുന്നത്. |
| (സി) | പാർടൈം സ്വീപ്പർ തസ്തികയിലേക്ക് എത്ര വയസ്സുവരെയുള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ | (സി) | പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് 50 വയസ്സുവരെയുള്ള ഉദ്യോഗാർത്ഥികളെ പരിഗണിച്ച് |

| | | | |
|---|---|---|---|
| | കാർഡ് അയയ്ക്കാറുണ്ടെന്ന് വിശദമാക്കാമോ; | | നാമനിർദ്ദേശ പട്ടിക തയ്യാറാക്കി എംപ്ലോയ്മെന്റ് വകുപ്പ് ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽ നിന്നും ഉദ്യോഗദായകരാണ് നിയമന നടപടികൾ പൂർത്തിയാക്കുന്നത്. |
| (ഡി) | വിധവകൾ, നിയമാനുസരണം വിവാഹബന്ധം വേർപെടുത്തപെട്ടവർ, മതപരിവർത്തനം നടത്തിയ പിന്നാക്ക-പട്ടികജാതി വിഭാഗക്കാർ, അവിവാഹിതരും ഒറ്റയ്ക്ക് താമസിക്കുന്നവരുമായ സ്ത്രീകൾ എന്നിവർക്ക് പ്രത്യേകം ഇന്റർവ്യൂ നടത്തി നിയമനം നൽകുന്ന രീതി സർക്കാർ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സ്വീകരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ